(സി) ഉണ്ട്.

(ഡി) അത് കണക്കാക്കിയിട്ടില്ല.

(ഇ) ഉണ്ട്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1310 പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. ഇതിൽ കൂടിയ പങ്കും കാലപ്പഴക്കം ചെന്ന ബസ്സുകൾക്കു പകരം നിരത്തിലിറക്കുവാനാണ് ഉപയോഗിച്ചത്. ഈ വർഷവും കൂടുതൽ പുതിയ ബസ്സുകൾ നിരത്തിലിറക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

പാചകവാതകം ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങൾ

90 [554] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:*

„ *വർക്കല കഹാർ:*

„ *ടി. യു. രാധാകൃഷ്ണൻ:*

„ *വി. ജെ. പൗലോസ്:*

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളിൽ പാചകവാതകം ഇന്ധനമായി ഉപയോഗിച്ചുവരുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പാചകവാതകം ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ യന്ത്രസംവിധാനത്തിൽ ആവശ്യമായ മാറ്റംവരുത്തിയശേഷമാണോ ഇങ്ങനെ ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വാഹനങ്ങൾക്കാവശ്യമായ പാചകവാതക ഇന്ധനം നൽകുന്ന എത്ര പമ്പുകളുണ്ട്;

(ഡി) ഇത്തരത്തിലുള്ള കൂടുതൽ പമ്പുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിയെടുത്തു;

(ഇ) പാചകവാതകം ഇന്ധനമായി ഉപയോഗിക്കുന്ന ആട്ടോറിക്ഷകളുടെയും കാറുകളുടെയും വാടക കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില നിബന്ധനകളുടെ അടിസ്ഥാനത്തിൽ എൽ.പി.ജി. ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ നിയമവിരുദ്ധമായി പാചകവാതകം ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൂർണ്ണമായി മാറ്റം വരുത്താതെയാണ് പാചകവാതകം ഉപയോഗിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പെട്രോളിയം കമ്പനികളാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

(ഇ) പാചകവാതകം ഇന്ധനമായി ഉപയോഗിക്കുന്നത് നിയമവിരുദ്ധമാണ്. എന്നാൽ എൽ.പി. ഗ്യാസ് ഉപയോഗിക്കുന്ന ആട്ടോറിക്ഷകളുടെയും കാറുകളുടെയും വാടക കുറയ്ക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

മോട്ടോർവാഹന വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

91 [555] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർവാഹന വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കമ്പ്യൂട്ടർവൽക്കരണത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം സ്ഥാപനങ്ങളാണ് ക്വട്ടേഷൻ നൽകിയിട്ടുള്ളത്;

(ഡി) കേരളത്തിലെ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ ക്വട്ടേഷൻ നൽകുകയുണ്ടായോ;

(ഇ) കെൽട്രോണിനെ അവഗണിച്ച് സ്വകാര്യസ്ഥാപനത്തിന് കമ്പ്യൂട്ടർവൽക്കരണ ചുമതല നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്, ഹൈദ്രാബാദ് എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തെയാണ് കമ്പ്യൂട്ടർവൽക്കരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി)
1. ഐ. എൽ. & എഫ്. എസ്., മുംബൈ.
2. കമ്പ്യൂട്ടർ മെയിന്റനൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.
3. സെൻസാർ ടെക്നോളജിസ് ലിമിറ്റഡ്, പൂന.
4. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്, ഹൈദ്രാബാദ്.
5. നെസ്റ്റ് സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, ആലുവ.

LIBRARY ARCHIVES Kerala Legislative Assembly